PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 5 ● ISSUE : 5 MAY 2011

# ഉയിർപ്പ്: പ്രകാശത്തിന്റെയും പുതുക്കത്തിന്റെയും പെരുന്നാൾ

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ**
**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**



വ. കന്യകമറിയാമിനോടുള്ള വചനിപ്പ്, കർത്താവിന്റെ കന്യകാജനനം, ചേലാകർമ്മം, ദൈവാലയപ്രവേശം മുതലായി ഓരോ മോറാനായ പെരുന്നാളും നമ്മുടെ കർത്താവിന്റെ രക്ഷാപ്രവർത്തനങ്ങളെ അനുസ്മരിക്കുവാനും, ക്രിസ്ത്യാനികൾ എന്ന നിലയിലുള്ള നമ്മുടെ വിളിയും തെരഞ്ഞെടുപ്പും അധികമധികം ഉറപ്പാക്കുവാനുമുള്ള അവസരമാണ്. ഇപ്രകാരമുള്ള പെരുന്നാളുകളിൽ നാം പങ്കുചേരേണ്ടത് പരിപൂർണ്ണമായ സമർപ്പണത്തോടും പ്രാർത്ഥനാപൂർണ്ണമായ ഒരുക്കത്തോടും കൂടിയാണ്. ഉയിർപ്പ്പെരുന്നാൾ നാം ആചരിക്കുന്നത് അമ്പത് ദിവസം നീളുന്ന ഉപവാസ നിഷ്ഠയോടും പ്രാർത്ഥനാ ജീവിതചര്യയോടുംകൂടെ ശുദ്ധീകരണത്തിന്റെ അനുഭവത്തിലൂടെ കടന്നുപോയതിനുശേഷമാണ്. കർത്താവിന്റെ കഷ്ടാനുഭവങ്ങളിൽ അവനോടുകൂടെ കഷ്ടമനുഭവിക്കുവാനും അവനോടുകൂടെ നിത്യജീവനിൽ പങ്കാളികളാകുവാനുമാണ് നമ്മുടെ ആരാധനാജീവിതം നമ്മെ സഹായിക്കേണ്ടത്. യേശുതമ്പുരാന്റെ ഉയിർപ്പ് പെരുന്നാളിൽ പങ്കാളികളാകുമ്പോൾ 'ഉയിർപ്പ്' എന്ന വലിയ സത്യത്തിന്റെ ചരിത്രപരവും ആത്മീയവുമായ മാനങ്ങളെക്കുറിച്ച് നാമൊന്ന് ചിന്തിക്കുന്നത് തികച്ചും പ്രസക്തമാണ്. ദൈവപുത്രനും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുമശിഹാ തമ്പുരാന്റെ രക്ഷാപ്രവർത്തനങ്ങളിൽ പരമപ്രധാനമാണ് മരണത്തിൽ നിന്നുള്ള തന്റെ ഉയിർത്തെഴുന്നേൽപ്പ്.

1. **ദൈവസ്നേഹവും കർത്താവിന്റെ ഉയിർപ്പും:** തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹന്നാൻ 3:16). ദൈവസ്നേഹത്തിന്റെ ഉദാത്തമായ വെളിപ്പെടുത്തലാണ് ക്രിസ്തുവിന്റെ രക്ഷാസംഭവത്തിൽ ലോകം ദർശിക്കുന്നത്. പുത്രന്റെ പൂർണ്ണമായ സമർപ്പണമാണ് ഹാശായുടെ (കഷ്ടാനുഭവങ്ങളുടെ) പിന്നിൽ ദർശിക്കാവുന്നത്. തന്റെ ദൈവത്വത്തിന്റെ പൂർണ്ണതയാണ് മരണത്തെ തന്റെ കാൽക്കീഴാക്കിയുള്ള യേശുതമ്പുരാന്റെ പുനരുത്ഥാനത്തിലൂടെ പ്രസ്പഷ്ടമാകുന്നത്. യേശുതമ്പുരാന്റെ രക്ഷാകരമായ പുനരുത്ഥാനം സൃഷ്ടിയോടുള്ള സ്രഷ്ടാവിന്റെ തികഞ്ഞ സ്നേഹത്തെ വെളിപ്പെടുത്തുന്നു. ഇപ്രകാരം, നമ്മുടെ രക്ഷകനായ കർത്താവിന്റെ രക്ഷാകരദൗത്യം ദൈവസ്നേഹത്താൽ പ്രേരിതമായി ദൈവീകതയുടെ പ്രഭയിലേക്ക് വളരുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

2. **കർത്താവിന്റെ ഉയിർപ്പും ക്രിസ്തീയ പ്രത്യാശയും:** പുനരുത്ഥാനം മനുഷ്യവർഗ്ഗത്തിനാകെയും സൃഷ്ടിക്ക് മുഴുവനായും പ്രത്യാശ പകരുന്നു. ഏകന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീർന്ന വലിയ സംഭവമായിരുന്നു അത്. ആദമിന്റെ പാപം മൂലം വീഴ്ചയിലായ ദൈവസൃഷ്ടിയെ തേജസ്സിന്റെ പുതുക്കത്തിലേക്കും പ്രതീക്ഷയുടെ പുതിയ ലോകത്തേയ്ക്കും കൈപിടിച്ചാനയിക്കുവാൻ ദൈവപുത്രന്റെ പുനരുത്ഥാനം പ്രയോജനകരമായിത്തീർന്നു. ഇതുമൂലം മനുഷ്യവർഗ്ഗത്തിനാകെയും വിശേഷിച്ച് കർത്താവിന്റെ രക്ഷയിലേക്ക് അടുപ്പിക്കപ്പെട്ടിരിക്കുന്ന ക്രിസ്തീയ വിശ്വാസികൾക്ക് മുഴുവനായും നിത്യജീവന്റെ പ്രത്യാശ പകരുവാൻ കർത്താവിന്റെ ഉയർത്തെഴുന്നേൽപിലൂടെ സാധിച്ചു.

3. **കർത്താവിന്റെ ഉയിർപ്പും ക്രിസ്തീയ ദൗത്യവും:** ദൈവപുത്രന്റെ പുനരുത്ഥാനം പ്രകാശീകരണത്തിനും പുതുക്കത്തിനും നമ്മെ ആഹ്വാനം ചെയ്യുന്നു. പുനരുത്ഥാനം ചെയ്ത കർത്താവ് നമ്മിൽ ജീവിക്കുകയും നമ്മുടെ ചിന്തകളെയും പ്രവർത്തനങ്ങളെയും സ്വാധീനിക്കുകയും ചെയ്യുമ്പോൾ പുതുക്കവും പ്രകാശീകരണവും സാധ്യമാകും. നമ്മുടെ വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും നാം ഇടപെടുന്ന സമൂഹത്തിലും തിന്മയുടെ വേരുകളെ നീക്കം ചെയ്ത് നന്മയിലൂന്നി വളരുവാൻ നമുക്ക് സാധ്യമാകണം. യേശുതമ്പുരാന്റെ സാർവ്വത്രിക ശുശ്രൂഷയ്ക്ക് നാമും പങ്കാളികളാകുന്നത് അപ്രകാരമുള്ള വളർച്ചയിലൂടെയാകുമ്പോൾ പുതുക്കവും പ്രകാശീകരണവും ക്രിസ്തീയ ദൗത്യനിർവ്വഹണത്തിന് നമ്മെ ശക്തീകരിക്കും. പരിശുദ്ധ മാർത്തോമ്മാശ്ലീഹാ "എന്റെ കർത്താവും എന്റെ ദൈവവുമേ" (യോഹന്നാൻ 20:28) എന്ന് കർത്താവിനെ സാക്ഷിച്ചതുപ്രകാരം നമുക്കും കർത്താവിനെ സാക്ഷിക്കുവാൻ ഈ പുനരുത്ഥാന പെരുന്നാൾ മുഖാന്തിരമാകട്ടെ. ■

**കത്തീഡ്രൽ പൂമുഖ നവീകരണത്തിൽ ഏവരുടെയും പ്രാർത്ഥനാപൂർണ്ണമായ ഭാഗഭാഗിത്വം പ്രതീക്ഷിക്കുന്നു**

## എഡിറ്റോറിയൽ

# ജീവിതം ക്രമീകരിക്കുക

ആദ്ധ്യാത്മികത നിറഞ്ഞ വലിയ നോമ്പ് കഴിഞ്ഞ ദിവസങ്ങൾ. നാമെല്ലാവരും നോമ്പാചരണത്തിൽ കൂടി ദൈവത്തോടും, ദേവാലയത്തോടും കൂടുതൽ അടുത്ത, സമാധാനത്തിന്റെ ദിനങ്ങൾ. ഇതിലൂടെ ലഭിച്ച സന്തോഷവും, സമാധാനവും കാത്തു സൂക്ഷിക്കുവാൻ നമുക്ക് ജീവിതം ഒന്നു ക്രമീകരിച്ചുകൂടെ?

ഓരോരുത്തരും തങ്ങളെത്തന്നെ വിലയിരുത്തുന്നതിന് അപ്പോസ്തലനായ പൗലോസ് 1 കൊരിന്ത്യർ 11-ാം അദ്ധ്യായത്തിൽ ആഹ്വാനം ചെയ്യുന്നുണ്ട്. നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല (1 കൊരി 11 : 31). അവനവനെപ്പറ്റിത്തന്നെ ശ്രദ്ധിക്കാത്ത ഒരുവന് ജീവിതം ക്രമീകരിക്കുവാൻ സാധിക്കയില്ല.

അരിസ്സോണ സംസ്ഥാനത്ത് ടക്സൺ നഗരത്തിൽ ജോലിക്ക് ആളുകളെ തിരഞ്ഞെടുക്കുന്ന ഒരു ഓഫീസിനു മുമ്പിൽ ഒരു നിലക്കണ്ണാടിയും അതിനു മുകളിലായി ഒരു കുറിപ്പും കാണാം. കുറിപ്പ് ഇങ്ങനെയാണ്. നിങ്ങൾ ഈയാളെ ജോലിക്കെടുക്കുമോ? അവിടെത്തന്നെ വേറൊരു റിക്രൂട്ടിങ് ഓഫീസിനു മുമ്പിലുള്ള കണ്ണാടിക്കു മുകളിലെ മേലെഴുത്ത് നിങ്ങൾ ജോലിക്കു തയ്യാറാണോ എന്നാണ്. ഇതൊക്കെ കാണിക്കുന്നത് ഒരു ജോലി ലഭിക്കണമെങ്കിൽ നാം നമ്മെത്തന്നെ ശ്രദ്ധിച്ചേ പറ്റൂ എന്നാണ്. നമ്മുടെ വേഷം, ഭാവം, പെരുമാറ്റം, നടത്തം ഇവ നാം തന്നെ പ്രത്യേകം ശ്രദ്ധിക്കുകയും, ചിട്ടപ്പെടുത്തുകയും ആവശ്യമാണ്. എനിക്കിതേ സാധിക്കുകയുള്ളൂ, വേണമെങ്കിൽ എന്നെ ജോലിക്കെടുത്താൽ മതി എന്നുള്ള മനോഭാവം ആരെയും രക്ഷിക്കുകയില്ല.

ഒരു സാധാരണ ജോലി ലഭിക്കുവാൻ ഈ വിധ ശ്രദ്ധ ആവശ്യമാണെങ്കിൽ കർത്താവിന്റെ ശുശ്രൂഷയ്ക്ക് അത് എത്രയധികം വേണ്ടിവരും. കർത്താവിന്റെ ശുശ്രൂഷയ്ക്ക് അയോഗ്യരെന്നു വരാതിരിപ്പാൻ ക്രിസ്തുവിശ്വാസികളെല്ലാം തങ്ങളെത്തന്നെ പരിശോധിക്കയും, ജീവിതം ക്രമപ്പെടുത്തുകയും ചെയ്യണമെന്ന് അപ്പോസ്തലനായ പൗലോസ് ആഹ്വാനം നൽകുന്നു. ഈ ആഹ്വാനം നൽകേണ്ടിവന്ന സാഹചര്യം മനസ്സിലാക്കേണ്ടതാണ്. കൊരിന്തു സഭയിലുള്ളവർ അവരുടെ ശോചനീയമായ പെരുമാറ്റവും, നടപടികളും മൂലം ഗുരുതരമായ അച്ചടക്കലംഘനം സഭയിലുണ്ടാക്കി. അവർ കർത്താവിന്റെ അത്താഴത്തിനായി വന്നുകൂടുമ്പോൾ തിന്നുകുടിച്ച് ലഹരി പിടിക്കയും, തമ്മിൽ തമ്മിൽ ശണ്ഠകൂടുകയും ചെയ്യുന്നത് അപ്പോസ്തലന്റെ ശ്രദ്ധയിൽ പെട്ടിരുന്നു. അതുകൊണ്ടാണ് അവർക്കുള്ള ലേഖനത്തിൽ അർത്ഥശങ്കയ്ക്കിടയില്ലാതെ അവരെ ഉപദേശിക്കുന്നത്. അവർതന്നെ അവരുടെ ജീവിതം ക്രമീകരിച്ചില്ലെങ്കിൽ കർത്താവ് ഇടപെട്ട് അത് ക്രമീകരിക്കേണ്ടിവരുമെന്നാണ് അപ്പോസ്തലൻ പറയുന്നത്. അതു തന്നെയല്ല, ചിലയാളുകളെ അകാലമരണത്തിന് വിധേയമാക്കിക്കൊണ്ട് സഭയെ ശുദ്ധീകരിക്കുവാൻ ദൈവം ആരംഭിച്ചുകഴിഞ്ഞു എന്നുള്ള സന്ദേശവും കൊരിന്ത്യർക്കു നൽകുന്നു.

ഈ പശ്ചാത്തലത്തിൽ നമ്മുടെ ജീവിതരീതി നമുക്കുതന്നെ ഒന്നു സൂക്ഷിച്ചു നോക്കാൻ സമയമായില്ലേ? നാം കാരണം നമ്മുടെ കുഞ്ഞുങ്ങൾ സഭയിൽനിന്നും, തൻമൂലം ദൈവവിശ്വാസത്തിൽനിന്നു തന്നെയും അകന്നുപോകുന്നില്ലേ? പൗലോസിന്റെ ലേഖനത്തിൽ പറയുന്നതുപോലെ നാം തന്നെ നമ്മെ വിധിക്കാൻ ശ്രമിച്ചാൽ നമ്മുടെ ജീവിതം തെറ്റായ വഴിയിൽ പോകാതിരിക്കും. അപ്പോസ്തലന്റെ മുന്നറിയിപ്പ് ഉണ്ടെങ്കിലും, കൂടെത്തന്നെ പറയുന്നത് സമാധാനത്തിന്റെ, പ്രതീക്ഷയുടെ വാചകങ്ങളാണ്. നമ്മുടെ പാപങ്ങൾ മനസ്സിലാക്കി നാം തന്നെ തെറ്റു തിരുത്തിയാൽ ദൈവം ഇടപെട്ട് തിരുത്തേണ്ടിവരികയില്ല. നാം ഇതു ചെയ്താൽ നമ്മുടെ കുടുംബവും, സഭയും, സമൂഹവും രക്ഷിക്കപ്പെടും. അതിനുള്ള സാഹചര്യവും, മനസ്സും ഉണ്ടാകുവാൻ നമുക്ക് ദൈവത്തോടു പ്രാർത്ഥിക്കാം.

# A POPULAR WITNESS FOR AN ALIEN

**(Dr. Yakob Mar Irenaios Metropolitan)**



The elders of the Jews give a rare kind of witness for a centurion who was a Roman, and not a Jew. They tell Jesus: "When thay came to Jesus they begged him earnestly, saying that one for whom he should do this was deserving, for he loves our nation, and has built us a synagogue." (Luke 7: 45). The beneficiary, on whose behalf they entreat Jesus was an alien, an infidel. With their native sense of being the "Elect" it is usually rare that they give such an open testimony to a non-Jew.

Witness is something that comes from another person. The manifestation of the good in any one, friend or foe, is to be joyfully appreciated and acknowledged. The two qualities these leaders identify in the Roman Centurion are the twin loves advocated by Lord Jesus, viz., Love of God and Love of Neighbour. The Romans actually never loved the Jews, and in turn, the Jews had evinced open hatred for the alien Romans, though they were helpless to air their dissent. Here the leaders of the Jews come out into the open to extoll some one whom they thought would never inherit the kingdom of God. Here all other shades of secret rancour and religious bigotry vanish, and what remains is a sincere and simple expression of their gratitude to him.

Here is a Roman who will not destroy the temple, but would rather build one.

As we grow up in age and experience, it should be our conscious endeavour to gain good witness from our fellowmen. The only proper witness that we may provide the world is the imbibing and 'imitation' of the life of Jesus. We are the witness proper for Jesus Christ and his ministry of Redemption for the whole world. He has challenged us to be his witnesses to the end of the world. Since out lives are tied up to the lives of our brotheres and sisters around, personal witness becomes all the more significant. A true Christian could not be otherwise.

In a sense, thay were making an intercession to God on behalf of the people. There comes and immediate response from the Master. When we pray,we are not just make requests to God on our behalf only, but to inteceed on behalf of all in need of assistance everywhere. Intercession is a kind of recommendation which is selfless.

These days of fasting and prayer is an occasion for us to try to witness to the life and work of Jesus in whatever small way we can. Let us start doing it right now! ■

## വികാരിയുടെ കത്ത്



# സഹനം ശിഷ്യത്വത്തിന്റെ മുഖമുദ്ര

**ഫാ. പി. ഐ. വർഗ്ഗീസ്**

നീതിക്കുവേണ്ടി പീഢിപ്പിക്കപ്പെടുന്നവർ ഭാഗ്യവാൻമാർ. എന്തുകൊണ്ടെന്നാൽ സ്വർഗ്ഗരാജ്യം അവരുടേതാകുന്നു (മത്തായി 5:10).

രക്ഷകനായ മശിഹാതമ്പുരാന്റെ അതിശ്രേഷ്ഠ പീഢാനുഭവസ്മരണകൾ ഹൃദയഹാരിയായ ആരാധനകളിലൂടെ അയവിറക്കി ആത്മനിർവൃതിയിൽ കഴിയുന്ന നാം സഹനത്തിന്റെ പാതയിൽ എവിടെ നിൽക്കുന്നുവെന്ന് ആത്മപരിശോധന നടത്തുക തികച്ചും സംഗതമാണ്. നാം ജീവിക്കുന്ന സമൂഹത്തിൽ കുരിശ് വരയ്ക്കുന്നവരുണ്ട്, കുരിശ് ധരിക്കുന്നവരുണ്ട്, കുരിശു പണിയുന്നവരുണ്ട്, കുരിശു വഹിക്കുന്നവരുണ്ട്. കുരിശു വഹിക്കുന്നവരെ മാത്രമേ യേശു തന്റെ ശിഷ്യന്മാരാക്കുന്നുള്ളൂ. അവർക്ക് അവിടുന്ന് സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്യുന്നു. ക്രിസ്തുവിന്റെയും ക്രിസ്ത്യാനിയുടെയും അടയാളമായ കുരിശ് വരയ്ക്കുവാനും, ധരിക്കുവാനും, പണിയുവാനും എളുപ്പമാണെങ്കിലും അത് വഹിക്കുക അത്ര സുഗമമല്ല. നീതിക്കുവേണ്ടി പ്രത്യേകിച്ചും.

**നീതിക്കുവേണ്ടി സഹിക്കുക എന്നാൽ എന്താണ്?** നീതിക്കുവേണ്ടി പീഢിപ്പിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. എന്ന വചനം മതമർദ്ദനത്തിന്റെ പശ്ചാത്തലത്തിൽ എഴുതപ്പെട്ടതാണെങ്കിലും

(ശേഷം പേജ് 4-ൽ)

# മഹാ ഇടയൻ തറവാട്ടിൽ


കത്തീഡ്രലിലേക്ക് സ്വീകരണം (16 - 4 - 11)


നവീകരിച്ച കത്തീഡ്രൽ: താൽക്കാലിക കൂദാശ (16 - 4 - 11)


ഓശാന (17 - 4 - 11)

## കാൽ കഴുകൽ ശുശ്രൂഷ

അന്ത്യ അത്താഴത്തിനിടയിൽ യേശു എഴുന്നേറ്റ് പുറംകുപ്പായം ഊരിവച്ച് തൂവാല അരയിൽച്ചുറ്റി പാത്രത്തിൽ വെള്ളം പകർന്ന് ശിഷ്യന്മാരുടെ കാൽ കഴുകി തുടച്ച സംഭവത്തെ അനുസ്മരിക്കുന്നതിന് പീഢാനുഭവ ആഴ്ചയിലെ വ്യാഴാഴ്ച ഉച്ചതിരിഞ്ഞ് നടത്തുന്ന ശുശ്രൂഷയാണ് കാൽ കഴുകൽ ശുശ്രൂഷ (യോഹ.11 :45). തന്റെ ദൗത്യത്തിന്റെ അർത്ഥം ശിഷ്യന്മാർക്കു വെളിപ്പെടുത്തുന്നതിനും പീഢാനുഭവത്തിനും വി. കുർബാനാനുഭവത്തിനും അവരെ ഒരുക്കുന്നതിനും അതിലവരെ പങ്കാളികളാക്കുന്നതിനുമാണ് കർത്താവ് ശിഷ്യന്മാരുടെ കാൽ കഴുകിയത് (യോഹ 13 : 6 - 10). പെസഹാ വ്യാഴാഴ്ച കാൽ കഴുകുന്ന രീതി കുറഞ്ഞത് അഞ്ചാം നൂറ്റാണ്ടുമുതൽ സഭയിലുണ്ട്. നമ്മുടെ സഭയിൽ മെത്രാപ്പോലീത്താമാർ വൈദികരുടെയോ, അവൈദികരുടെയോ കാൽ കഴുകിയിരുന്നു.













## ദുഃഖവെള്ളിയാഴ്ച ശുശ്രൂഷ







## ഭദ്രാസന വിശേഷങ്ങൾ



ഓർത്തഡോക്സ് ഇന്റർനാഷണൽ സെന്ററിന്റ (OIC) അഭിമുഖ്യത്തിൽ എല്ലാ മാസവും നടത്തുന്ന പ്രീ മാര്യേജ് കൗൺസലിങ് ക്ലാസിന്റെ ഏപ്രിൽ മാസ ക്ലാസ് തൃശൂർ മാർ ഇഗ്നേഷ്യസ് കത്തീഡ്രലിൽ 2 - 4 - 2011 - ൽ നടത്തിയപ്പോൾ.

ക്ലാസ്സുകളെടുത്തത് ബഹു. ഒ. തോമസ് അച്ചനും, പ്രൊഫ. മേരി മാത്യുവുമായിരുന്നു. 40 പേരോളം പങ്കെടുത്തു.

ദീർഘകാലം കത്തീഡ്രൽ ശുശ്രൂഷകനായിരുന്ന ശ്രീ. എൻ. വി. ഫിലിപ്പിന്റെ വിരമിക്കലിനെ തുടർന്ന് 3 - 4 - 2011 ൽ രണ്ടാം കുർബ്ബാനയ്ക്കുശേഷം നടത്തിയ യാത്രയയപ്പ്. ശ്രീ. എൻ.വി. ഫിലിപ്പ് മറുപടി പറയുന്നു.

ഫിലിപ്പിന് കത്തീഡ്രൽ ഇടവകയുടെ എല്ലാ ഭാവുകങ്ങളും നേരുന്നു.



## കുടുംബ വിശേഷങ്ങൾ

### OVBS







കത്തീഡ്രൽ സണ്ടേസ്കൂളിന്റെ ആഭിമുഖ്യത്തിൽ ഏപ്രിൽ 25 മുതൽ 28 വരെ OVBS നടന്നു. നൂറിൽപ്പരം കുട്ടികൾ സംബന്ധിച്ച OVBS-ന് വൈദിക സെമിനാരി വിദ്യാർത്ഥി ഷിജു ഗാനപരിശീലനം നൽകി.

(വികാരിയുടെ കത്ത് – 2-ാം പേജിൽ നിന്നും.....)

ഇന്നും ഏറെ പ്രസക്തമാണ്. നീതിയെ പ്രതിയെന്നത് യേശു എന്ന വ്യക്തിയുമായി ബന്ധപ്പെടേണ്ടതാണ്. നിയമംകൊണ്ട് സാദ്ധ്യമാകാതിരുന്ന ദൈവ-മനുഷ്യ ബന്ധത്തെ യേശു എന്ന വ്യക്തിയിൽ സുസാദ്ധ്യമായപ്പോൾ പീഢനങ്ങൾ അവിടുന്ന് സ്വയം ക്ഷണിച്ചുവരുത്തുകയായിരുന്നു. കാരണം ലോകത്തിന് ദൈവ-മനുഷ്യ സ്നേഹ ബാന്ധവം ഒരിക്കലും ഉൾക്കൊള്ളാനാവുകയില്ല. ലോക മൂല്യങ്ങൾക്കും, പ്രവൃത്തികൾക്കും കടുത്ത ഭീഷണിയായിരിക്കും ഈ സ്നേഹബന്ധം ഉയർത്തുക. ആയതിനാൽ യേശു ക്രിസ്തുവിന്റെ ശിഷ്യന്മാർ ഈ സ്നേഹബന്ധത്തിന്റെ മനസ്സാക്ഷി സൂക്ഷിപ്പുകാരായി ലോകത്തിൽ ജീവിക്കണം.

നീതിക്കുവേണ്ടിയുള്ള സഹനം എന്ന പ്രയോഗത്തിൽ ഒളിഞ്ഞുകിടക്കുന്ന വിവിധ കാര്യങ്ങളിൽ സുപ്രധാനങ്ങളായവ രേഖപ്പെടുത്തിയാൽ അവ ഇപ്രകാരമായിരിക്കും. ഒന്നാമതായി ക്രിസ്തുവിനോടുള്ള വിശ്വസ്ഥതയും കൂറും തെളിയിക്കുവാനുള്ള സഹനമാണ് അത് സൂചിപ്പിക്കുന്നത്. മറ്റൊന്ന് പ്രവാചകന്മാരുടെയും വിശുദ്ധന്മാരുടെയും പാതയിലൂടെ വിശ്വാസ സ്ഥൈര്യത്തോടെ നടന്നു നീങ്ങുക എന്നുള്ളതാണ്. അടുത്തതായി നിത്യതയും നശ്വരതയും തമ്മിലുള്ള സംഘർഷത്തിൽ അഥവാ ക്രിസ്തുവും ലോകവും തമ്മിലുള്ള സംഘട്ടനത്തിൽ ക്രിസ്തുപക്ഷം ചേരുക എന്ന അതി മഹത്തായ അനുഭവതലം. നാലാമതായി നമ്മുടെ പിൻഗാമികൾക്ക് വഴി സുഗമമാക്കിക്കൊടുക്കുവാനും ജീവന്റെ ഫലം സമൃദ്ധമായി നൽകുവാനും നമ്മുടെ രക്തം വളമായി അവർക്ക് നൽകുക. ഉദാത്തമായ ഒരു ലക്ഷ്യപ്രാപ്തിയാണ് ഏറ്റവും ഒടുവിൽ നീതിയുടെ സഹനം നമുക്ക് പ്രദാനം ചെയ്യുന്നത്. അതായത് തിന്മയുടെ പാതയിൽ ചരിക്കുന്ന ഈ ലോകത്തെ അതിൽ നിന്നും ഉദ്ധരിച്ചെടുക്കുക, നീതിയ്ക്കായി പീഢിപ്പിക്കപ്പെടുന്ന ഓരോ ക്രിസ്തു ശിഷ്യനും നീതിയുടെ ഈ പഞ്ച സത്യങ്ങളാണ് ലോകത്തോട് പ്രഘോഷിക്കുന്നത്. ●

## വിശേഷദിവസങ്ങൾ

**മെയ്**

15 തിങ്കൾ : കുതിരകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ ഓർമ്മ
16 തിങ്കൾ : യൂഹാനോൻ മാർ സേവറിയോസ് തിരുമേനിയുടെ ഓർമ്മ (കൊരട്ടി)

**ജൂൺ**

2 വ്യാഴം : സ്വർഗ്ഗാരോഹണം

## വിവാഹം

1) കടവന്ത്ര കുന്നുംപുറത്ത് ശ്രീ. ഏബ്രഹാം തോമസിന്റെയും ശ്രീമതി ബീനാ തോമസിന്റെയും മകൾ റ്റീനാ തോമസും പൂളായ്ക്കൽ പുത്തൻ കളപ്പുരയിൽ ശ്രീ. പി.സി. പത്രോസിന്റെയും ശ്രീമതി തങ്കം പത്രോസിന്റെയും മകൻ ജിമ്മി പത്രോസും തമ്മിലുള്ള വിവാഹം 25-4-2011 ൽ തൃശൂർ സെന്റ് ഇഗ്നാത്തിയോസ് കത്തീഡ്രലിൽ നടന്നു.



2) എറണാകുളം ചിലവന്നൂർ റോഡ് വെട്ടിയിൽ ശ്രീ. ഷെറി ലൂക്കോസിന്റെയും ശ്രീമതി ഗീതയുടെയും മകൻ നിഖിലും നിലമ്പൂർ കണിയാന്ത്ര ശ്രീ. സുനിൽ തോമസിന്റെയും ശ്രീമതി അനിലയുടെയും മകൾ റീനുവും തമ്മിലുള്ള വിവാഹം 1-5-2011 ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതരായി



എറണാകുളം പവർഹൗസ് റോഡ്, പുലിക്കോട്ടിൽ ശ്രീ. പി.എം. കാങ്ങുവിന്റെ മകൻ ശ്രീ. മാത്യു കെ. പുലിക്കോട്ടിൽ (40) 11-4-2011 ൽ നിര്യാതനായി. 12-4-2011 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.



പനമ്പിള്ളി നഗർ മാറക്കാട്ട് ഐക്കരമഠത്തിൽ ശ്രീ. എം.ജെ. ജേക്കബ് റിട്ട.ഐ.പി.എസ്. (76) 12-4-2011 ൽ നിര്യാതനായി. 13-4-2011 ൽ പാമ്പാക്കുട പള്ളി സെമിത്തേരിയിൽ അടക്കം ചെയ്തു.



കലൂർ ഫാദർ മാനുവൽ റോഡ് കടപ്പായിൽ മിസ് ഏലിയാമ്മ ബെഞ്ചമിൻ (86) 9-4-2011 ൽ ദിവംഗതയായി. 10-4-2011 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.



കലൂർ അത്തിപ്പറമ്പിൽ ലെയ്നിൽ മേലകത്ത് എം. എസ്. സക്കറിയ (78) 5-5-2011 ൽ നിര്യാതനായി

*ആദരാഞ്ജലികൾ*

*Sponsored by:*




Editorial Board: P.T. John, K.K. George (94470 40484),Mammen Abraham & Suma Mathew. Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490,**
***Website: www.stmarysorthodoxcathedralekm.org     Email: georgekaithayil@yahoo.com***

***For Private Circulation only***